**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 6** **22-02-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | 2013 ലെ ദേശീയ ഭക്ഷ്യഭദ്രതാനിയമത്തെ അടിസ്ഥാനപ്പെടുത്തി പൊതു വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ തന്നെ നിരവധി നടപടികൾ സ്വീകരിച്ചിരുന്നു. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം, വകുപ്പിന്റെ പോർട്ടൽ വഴി റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നിരീക്ഷിക്കുവാനുള്ള സംവിധാനം എന്നിവയെല്ലാം അതിന്റെ ഭാഗമാണ്. രാജ്യത്തിന് തന്നെ മാതൃകയാവുന്ന വിധത്തിൽ നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണ രംഗം കാര്യക്ഷമവും സുതാര്യവുമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ആദിവാസി മേഖലകളിലെ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി ഈ സർക്കാർ തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ കൂടി നടപ്പിലാക്കി. "വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി നിർദ്ധനർക്ക് ഒരുനേരത്തെ ആഹാരം സൗജന്യനിരക്കിൽ ലഭ്യമാക്കുന്ന സുഭിക്ഷ ഹോട്ടൽ തിരുവനന്തപുരത്തും പത്തനംതിട്ടയിലും കൂടി ആരംഭിച്ചു. സംസ്ഥാന സർക്കാരിന്റെ 2-ാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഏറ്റവും കുറഞ്ഞത് ഒരു സുഭിക്ഷാ ഹോട്ടലെങ്കിലും ആരംഭിക്കുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്. പൊതുവിതരണ ശൃംഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തി. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടികൾ ഉണ്ടാവണമെന്ന് കർശന നിർദ്ദേശം നൽകി. പൊതുവിതരണവകുപ്പിന്റെ 5 മേഖലകൾ തിരിച്ച് |

| | | | |
|---|---|---|---|
| | | | സ്ക്വാഡുകൾ രൂപീകരിച്ച് ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ കടകൾ പരിശോധിക്കുന്നു എന്നുറപ്പുവരുത്താൻ മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തുന്ന നടപടി അന്തിമഘട്ടത്തിലാണ്. കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എല്ലാ ഗോഡൗണുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആധാർ അധിഷ്ഠിത പൊതുവിതരണ സംവിധാനം 100% സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇലക്ട്രോണിക് ത്രാസ് ഇ-പോസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. 2022-2027 പദ്ധതി കാലയളവിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ ശാസ്ത്രീയ മാനദണ്ഡങ്ങൾ അനുസരിച്ച് NFSA ഗോഡൗണുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. നിലവിൽ നൽകി വരുന്ന റേഷൻ സാധനങ്ങൾക്ക് പുറമേ ചില പലവ്യഞ്ജനസാധനങ്ങളും സ്മാർട്ട് റേഷൻ കടകളിലൂടെ വിതരണം ചെയ്യാനും സർക്കാർ ആലോചിക്കുന്നു. റേഷൻ കാർഡുകൾ 02.11.2021 മുതൽ എ.റ്റി.എം വലിപ്പത്തിലുള്ള പി.വി.സി കാർഡുകളായി രൂപാന്തരം വരുത്തി നൽകുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്. അടുത്ത ഘട്ടമായി മാഗ്നറ്റിക് ചിപ്പ് ഘടിപ്പിച്ച സ്മാർട്ട് റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. ഈ കാർഡുപയോഗിച്ച് ഡിജിറ്റൽ ഇടപാടുകൾ നിർവ്വഹിക്കാൻ കഴിയുന്നതാണ്. ബാങ്കിംഗ്, ഡിജിറ്റൽ സേവനങ്ങൾ സമീപ പ്രദേശങ്ങളിൽ ലഭ്യമാകാത്ത സ്ഥലങ്ങളിലെ 1000 റേഷൻ കടകൾ തെരഞ്ഞെടുത്ത് ചെറുകിട ബാങ്കിംഗ് സേവനങ്ങളും കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി ബന്ധപ്പെട്ട ഭരണ സേവനങ്ങളും ഡിജിറ്റലായി നടത്താൻ കഴിയുന്ന സ്മാർട്ട് റേഷൻ കടകളായി പരിവർത്തിപ്പിക്കുന്ന പദ്ധതി 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. |
| (ബി) | വിവിധ കാരണങ്ങളാൽ അടച്ചുപൂട്ടിയ റേഷൻ കടകൾ അടിയന്തരമായി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് അനന്തരാവകാശികൾ ഇല്ലാത്തതും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി സ്ഥിരമായി റദ്ദ് ചെയ്തതുമായ 599 റേഷൻ ഡിപ്പോകളുടെ ലൈസൻസ് നിയമനം സംവരണതത്വം പാലിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനു പുറമെ താൽക്കാലികമായി അംഗീകാരം റദ്ദ് ചെയ്ത റേഷൻ ഡിപ്പോകളുടെ വിഷയം തീർപ്പാക്കുന്നതിനായി എല്ലാ |

| | | | |
|---|---|---|---|
| | | | ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിച്ചും, 135 റേഷൻ ഡിപ്പോകളുടെ അംഗീകാരം സ്ഥിരമായി റദ്ദ് ചെയ്ത്, പുതിയ ലൈസൻസി നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കൂടുതൽ നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | റേഷൻ കടകളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി സപ്ലൈകോ വഴി വിൽപ്പന നടത്തുന്ന 13 ഇനം സബ്സിഡി സാധനങ്ങളായ ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ്, വറ്റൽ മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറുവ അരി, മാവേലി പച്ചരി, മാവേലി മട്ട അരി, വെളിച്ചെണ്ണ എന്നിവ റേഷൻ കടകൾ വഴി വിതരണം നടത്തുന്നതിനുള്ള സാധ്യതയും പരിശോധിച്ചു വരുന്നു. ഇതിനു പുറമെ മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉൽപ്പന്നങ്ങൾ കൂടി റേഷൻ കടകൾ വഴി വിൽപ്പന നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ